# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

07.03.2018-ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ.1702

## എൽ.ഡി.ക്ലാർക്ക് റാങ്ക് ലിസ്റ്റിന്റെ കാലാവധി

ചോദ്യം
ശ്രീ.കെ.ബി.ഗണേഷ് കുമാർ

ഉത്തരം
പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | 30-3-2015 ൽ അവസാനിച്ച എൽ.ഡി.ക്ലാർക്ക് (വിവിധ വകുപ്പുകൾ) റാങ്ക് ലിസ്റ്റിന്റെ കാലാവധി, 31-3-2015 ൽ പുതിയ മറ്റൊരു റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനുശേഷവും നീട്ടിക്കൊടുക്കുകയുണ്ടായിട്ടുണ്ടോ; | (എ) യും (ബി) യും | ഇല്ല. ടി പട്ടികയുടെ കാലാവധി അവസാനിച്ച 30-03-2015 നുള്ളിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളിലേക്കാണ് ടി ലിസ്റ്റിൽ നിന്നും നിയമന ശിപാർശ നൽകിയിട്ടുള്ളത്. |
| ബി) | എങ്കിൽ എത്ര കാലയളവിലേക്ക് നീട്ടികൊടുത്തുവെന്നും ഇതനുസരിച്ച് പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും 30-3-2015 ന ശേഷം എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | | |
| (സി) | 31-3-2015 ൽ നിലവിൽ വന്ന കൊല്ലം ജില്ലയിലെ എൽ.ഡി. ക്ലാർക്ക് (വിവിധ വകുപ്പുകൾ) റാങ്ക് ലിസ്റ്റിൽ നിന്നും ഇതിനകം എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | | 660 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. |
| ഡി) | പഴയ റാങ്ക് ലിസ്റ്റിന് കാലാവധി നീട്ടിക്കൊടുത്തതുമൂലം ഇപ്പോഴത്തെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് 3 വർഷത്തെ റാങ്ക് ലിസ്റ്റ് കാലാവധി ലഭിക്കാതെ പോകുന്നതായി കാണിച്ച് ഉദ്യോഗാർത്ഥികൾ നൽകിയ നിവേദനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡി) യും ഇ) യും | പഴയ റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടി നൽകിയിട്ടില്ല. നിയമനം ത്വരിതപ്പെടുത്താൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. 2018-ലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് 16.08.2017-ലെ AdvC3/304/2017/P&ARD നമ്പർ സർക്കുലർ മുഖേന എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കാലാവധി പൂർത്തിയാകുന്ന എൽ.ഡി.സി.(വിവിധം) എൽ.ജി.എസ്.(വിവിധം) റാങ്ക് ലിസ്റ്റുകളിൽ നിന്ന് പരമാവധി നിയമനം നടത്തുന്നതിലേയ്ക്കായി മുഴുവൻ ഒഴിവുകളും ഉണ്ടാവുന്ന മുറയ്ക്ക് തന്നെ യാതൊരു കാലതാമസവും കൂടാതെ പി.എസ്.സി.യ്ക്ക് |
| ഇ) | ഉണ്ടെങ്കിൽ, ഈ ലിസ്റ്റിലുള്ള അനവധി ഉദ്യോഗാർത്ഥികളും അധിക പ്രായപരിധി അവസാനിക്കാറായവരാണ് എന്ന പരിഗണന കൂടി നൽകി റാങ്ക് | | |

| | | | | |
|---|---|---|---|---|
| | ലിസ്റ്റിന്റെ കാലാവധി ഉചിതകാലയളവിലേക്ക് നീട്ടിക്കൊടുക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ? | | റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ച് എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും 13.12.2017-ലെ ഉപസി 3/428/17/ഉഭപവ സർക്കുലർ മുഖേന സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഒഴിവുകൾ പി.എസ്.സി.- യുടെ ഇ-വേക്കൻസി സോഫ്റ്റ് വെയർ മുഖാന്തിരം കൃത്യമായി റിപ്പോർട്ട് ചെയ്യുവാൻ 20.12.2017-ലെ ഉപസി3/141/17/ഉഭപവ സർക്കുലർ മുഖേന സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ മേധാവികൾക്കും നിയമന അധികാരികൾക്കും 07.02.2018-ലെ ഉപസി3/536/17/ ഉഭപവ സർക്കുലർ മുഖേന സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br>കാലാവധി പൂർത്തിയാക്കുന്ന റാങ്ക് പട്ടികകളുടെ കാലാവധി ദീർഘിപ്പിക്കുന്ന കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ